# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.216 — 25/04/2017-ൽ മറുപടിക്ക്

## ഫ്ളാറ്റുകളും ബഹുനില മന്ദിരങ്ങളും നിർമ്മിക്കുന്നതിന് ഫയർഫോഴ്സിന്റെ എൻ.ഒ.സി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഫ്ളാറ്റുകളും ബഹുനില മന്ദിരങ്ങളും നിർമ്മിക്കുന്നതിന് ഫയർഫോഴ്സിന്റെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത എൻ.ഒ.സി ലഭിക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (എം.എസ്) നം.45/2016/ആഭ്യന്തരം, തീയതി : 09.02.2016 പ്രകാരം കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി ചെക്ക്ലിസ്റ്റ് തയ്യാറാക്കുകയും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റാൻഡിംഗ് ഉത്തരവ് നം.1/2016, അഡണ്ടം ടു സ്റ്റാൻഡിംഗ് ഉത്തരവ് നം.1/2016, How to apply and get "Certificate of Approval" for Buildings from the Department of Fire & Rescue Services എന്നിവ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) 2016 മേയ് 31 നു ശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര ബഹുനില കെട്ടിടങ്ങൾക്കും, ഫ്ളാറ്റുകൾക്കുമാണ് എൻ.ഒ.സി നൽകിയിയുള്ളത്; അവയുടെ വിശദവിവരം നൽകുമോ; | സി) 2016 മെയ് 31 നു ശേഷം സംസ്ഥാനത്ത് ഇതുവരെ പണി പൂർത്തിയാക്കിയ 580 വിവിധ ഗണത്തിൽപ്പെട്ട ബഹുനില കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ മുൻ ഫയർഫോഴ്സ് മേധാവികൾ അനുമതി നൽകാതിരുന്ന കെട്ടിടങ്ങൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഡി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത യാതൊരു ബഹുനില കെട്ടിടങ്ങൾക്കും ഫയർ & റെസ്ക്യു വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടില്ല. വിവിധ സുരക്ഷാ കാരണങ്ങളാൽ താൽക്കാലികമായി അപേക്ഷകൾ നിരസിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്) നം.45/2016/ആഭ്യന്തരം, തീയതി : 09.02.2016 ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ, കെ.പി.ബി.ആർ, എൻ.ബി.സി. എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി ചെക്ക്ലിസ്റ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് വീണ്ടും അപേക്ഷ സമർപ്പിച്ച ബഹുനില കെട്ടിടങ്ങൾക്ക് വകുപ്പിൽ നിന്ന് പരിശോധിച്ച് എൻ.ഒ.സി. അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ